(സി) ഇവിടെ വെള്ളം സ്റ്റോറു ചെയ്യുന്നതിനും ഫിൽട്ടർ ചെയ്യുന്നതിനും മതിയായ സംവിധാനമില്ലാത്തകാര്യം പരിശോധിക്കുമോ ;

(ഡി) പ്രസ്തുത ജലാശയത്തിന്റെ നാലുവശവും മതിൽകെട്ടി സംരക്ഷിക്കുന്നതിനും പുതിയ സ്റ്റോറേജ് ഫിൽട്ടർ ടാങ്കുകൾ നിർമ്മിച്ച് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമയാസമയങ്ങളിൽ കുളവും പരിസരവും വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ച് നടപടി എടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) 5½ ഏക്കർ വിസ്തീർണ്ണമുള്ള ജലസ്രോതസ്സിനുചുറ്റും മതിൽ കെട്ടുന്നതിനും പുതിയ സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുന്നതിനും ഭീമമായ തുക കണ്ടെത്തേണ്ടതുണ്ട്. മാത്രമല്ല, മതിൽ കെട്ടുന്നത് പ്രായോഗികവുമല്ല. വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു പ്രഷർഫിൽട്ടർ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയിലെ ജലസേചന പദ്ധതികൾ

55 (2333) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം വാട്ടർ സപ്ലൈസ്കീം, മാളപ്പാറ വാട്ടർ സപ്ലൈ സ്കീം, കൂടൽഏനാദി മംഗലം വാട്ടർ സപ്ലൈ സ്കീം എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ പൂർത്തിയായോ ; എങ്കിൽ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എന്തു വീതമെന്ന് വിശദീകരിക്കാമോ ; നടപടികൾ പൂർത്തിയായില്ലെങ്കിൽ ഇതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശം നൽകുമോ ;

(ബി) ഈ മൂന്നു പദ്ധതികളും ഈ സാമ്പത്തികവർഷം തന്നെ ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം വാട്ടർ സപ്ലൈ സ്കീമിന് 222 ലക്ഷം രൂപയുടെയും മാളാപ്പാറ വാട്ടർ സപ്ലൈ സ്കീമിന് 10 ലക്ഷം രൂപയുടെയും കൂടൽ-ഏനാദിമംഗലം വാട്ടർ സപ്ലൈ സ്കീമിന് 147.5 ലക്ഷം രൂപയുടെയും [illegible] 21-11-2002-ൽ പി.എം.ജി.വൈ. പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. ഇതിൽ പ്രമാടം-മാളപ്പാറ പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ ജോലികൾ മേയ് 2003-ൽ പൂർത്തിയാക്കി. സാങ്കേതികാനുമതിക്കു

LIBRARY ARCHIVES-Kerala Legislative Assembly

വേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എസ്റ്റിമേറ്റ് ആഗസ്റ്റ് 2003-ൽ പൂർത്തിയാക്കി. സെപ്തംബർ 2003-ൽ സാങ്കേതിക അനുമതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. കൂടൽ-ഏനാദിമംഗലം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിനുശേഷം ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി

56 (2334) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലിയാർ പുഴയിൽ സ്ഥാപിച്ചിട്ടുള്ള റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ബി) ചെറുപുഴ-പുന്നാർപുഴ എന്നീ പുഴകളിലേക്ക് വെള്ളം തിരിച്ചു വിടാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ സ്ഥാപിച്ചിട്ടുള്ള റഗുലേറ്റർ-കം-ബ്രിഡ്ജ് (കവണക്കല്ല റഗുലേറ്റർ-കം-ബ്രിഡ്ജ്) 2001-ൽ കമ്മീഷൻ ചെയ്തു.

(ബി) ചെറുപുഴ, പുന്നാർപുഴ എന്നീ പുഴകളിലേക്ക് വെള്ളം തിരിച്ചു വിടാൻ ഈ പദ്ധതികൊണ്ട് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ അടച്ചുകഴിഞ്ഞാൽ ഏകദേശം പത്തു കിലോമീറ്ററോളം ചെറുപുഴയിലും ചാലിയാർ പുഴയിലും ജലവിതാനം ഉയർത്തി കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് വെള്ളം സംഭരിക്കാൻ കഴിയുന്നതാണ്.

(സി) ബാധകമല്ല.

കല്ലട ജലസേചന പദ്ധതിയിൽ കരാറുകാർ അനധികൃതമായി തട്ടിയെടുത്ത തുക

57 (2335) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതിയിൽ കരാറുകാർ അനധികൃതമായി ആർബിട്രേഷൻ വഴി തട്ടിയെടുത്ത തുക തിരികെ പിടിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ ;

(ബി) എങ്കിൽ കരാറുകാർ തട്ടിയെടുത്ത തുക തിരികെ പിടിച്ചോ ; എത്ര തുക തിരികെ പിടിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly